**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 841 — 28.2.2018 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ പുതുക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അനിൽ അക്കര<br>,, റോജി എം. ജോൺ | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് നിലവിലുള്ള നിബന്ധന എന്തൊക്കെയാണ്; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ പ്രസ്തുത രജിസ്ട്രേഷൻ മൂന്നു വർഷത്തിലൊരിക്കൽ പുതുക്കേണ്ടതാണ്. അതിൻപ്രകാരം പുതുക്കേണ്ട മാസത്തിലോ അതിനടുത്ത രണ്ട് മാസങ്ങളിലോ ഏതു പ്രവർത്തി ദിവസവും രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.<br><br>രോഗം, കരുതൽ തടങ്കൽ നിയമം അനുസരിച്ചുള്ള അറസ്റ്റ്, ഉദ്യോഗാർത്ഥിയുടെ താമസസ്ഥലം ഉൾപ്പെടുന്ന പ്രദേശത്തോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥിതി ചെയ്യുന്ന പ്രദേശത്തോ ഉണ്ടാകുന്ന പ്രകൃതി ക്ഷോഭം, വെള്ളപ്പൊക്കം, തീപിടുത്തം, നിശാനിയമപ്രഖ്യാപനം തുടങ്ങി വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാൻ കഴിയാതെ വരുന്നവർക്ക് ആയതു തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം ഹാജരാക്കിയാൽ സീനിയോറിറ്റി പുന:സ്ഥാപിച്ചു നൽകാൻ വ്യവസ്ഥയുണ്ട്.<br><br>ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ, അവരുടെ രജിസ്ട്രേഷൻ യഥാസമയം പുതുക്കാതിരുന്നാൽ അത് ലാപ്സ് ചെയ്യുന്നതിന് മുൻപ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള സേവ[illegible] |

| | |
|---|---|
| | ആവശ്യമുണ്ടോ എന്ന് ആരാഞ്ഞുകൊണ്ടും കത്തും രജിസ്റ്റേർഡ് കത്തും നൽകി മതിയായ സമയം നൽകിയതിന് ശേഷം മാത്രമേ രജിസ്ട്രേഷൻ റദ്ദാക്കുകയുള്ളൂ. |
| (ബി) പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെങ്കിലും പ്രത്യേക ഇളവ് അനുവദിച്ചിട്ടുണ്ടോ; | (ബി) പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും രജിസ്ട്രേഷൻ പുതുക്കേണ്ട മാസം മുതൽ ഒരു വർഷം ഗ്രേസ് പീരീഡ് അനുവദിച്ചിട്ടുണ്ട്. |
| (സി) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ വിവിധ കാരണങ്ങളാൽ പുതുക്കുവാൻ കഴിയാതെ വന്നവർക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് പുതുക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജി.ഒ(ആർ.റ്റി) നമ്പർ.1196/2016/തൊഴിൽ തീയതി 24/09/2016 പ്രകാരം 01/01/1995 മുതൽ 30/09/2016 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ തനതു സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിന് 01/10/2016 മുതൽ 31/10/2016 വരെയും, ജി.ഒ(ആർ.റ്റി) നമ്പർ.1024/2017/തൊഴിൽ തീയതി 05/08/2017 പ്രകാരം 01/01/1997 മുതൽ 31/07/2017 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ തനതു സീനിയോറിറ്റി നിലനിർത്തികൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിന് 2/9/2017 മുതൽ 31/10/2017 വരെയും സമയം അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. |

| | | |
|---|---|---|
| (ഡി) | മൂന്നു വർഷത്തിലൊരിക്കൽ പുതുക്കണമെന്ന വ്യവസ്ഥ അഞ്ചു വർഷമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മാനുവൽ volume 1 para 7.32(a) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ, പ്രസ്തുത രജിസ്ട്രേഷൻ മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായിട്ടുള്ളതാണ് ഇതിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിൽ നിക്ഷിപ്തമാണ്. |
| (ഇ) | രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അറിയിപ്പ് ഉദ്യോഗാർത്ഥികൾക്ക് മൊബൈൽ എസ്.എം.എസ്. വഴി നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഇ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അറിയിപ്പ് ഉദ്യോഗാർത്ഥികളെ മൊബൈൽ S.M.S വഴി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച് online software വികസിപ്പിക്കുന്ന NIC Kerala യൂണിറ്റുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ